# ഭീകരതയ്ക്ക് എതിരായ ഇന്ത്യ-യുകെ സംയുക്ത വർക്കിംഗ് ഗ്രൂപ്പിന്റെ പതിനാറാമത് യോഗം

മേയ് 22, 2024

ഭീകരതയ്ക്ക് എതിരായ ഇന്ത്യ-യുകെ സംയുക്ത വർക്കിംഗ് ഗ്രൂപ്പിന്റെ പതിനാറാമത് യോഗം 2024 മേയ് 21-ന് ന്യൂഡൽഹിയിൽ നടന്നു. ഭീകരതയ്ക്ക് എതിരെ രണ്ട് രാജ്യങ്ങളും തമ്മിൽ നിലവിലുള്ള സഹകരണം ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രാലയത്തിലെ ഭീകരതയ്ക്ക് എതിരായ ജോയിന്റ്സെക്രട്ടറി ശ്രീ. കെ.ഡി. ദെവാലും യുകെ സംഘത്തെ യുകെ സർക്കാരിലെ ഏഷ്യ-ഓഷ്യാനിയയ്ക്കായുള്ള ഭീകര വിരുദ്ധ നെറ്റ്‌വർക്ക് തലവൻ ശ്രീ. ക്രിസ് ഫെൽട്ടണും നയിച്ചു.

അതിർത്തി കടന്നുള്ള ഭീകരപ്രവർത്തനം ഉൾപ്പെടെ ഭീകരതയുടെ എല്ലാ രൂപങ്ങളെയും ഇന്ത്യയും യുകെയും ശക്തമായി അപലപിക്കുകയും യുഎൻ ചാർട്ടറിനും അന്താരാഷ്ട്ര നിയമത്തിനും അനുസൃതമായി സമഗ്രവും സുസ്ഥിരവുമായ മാർഗത്തിൽ ഭീകരതയെ ചെറുക്കുന്നതിന് അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുകയും ചെയ്തു.

ആഗോള തലത്തിൽ നിരോധിച്ചിട്ടുള്ള തീവ്രവാദ സംഘടനകളും വ്യക്തികളും ഉയർത്തുന്ന ഭീഷണികൾ ഉൾപ്പെടെ അതാത് പ്രദേശങ്ങളിലും മേഖലകളിലും ഉള്ള തീവ്രവാദ, ഭീകരവാദ ഭീഷണികളെക്കുറിച്ചുള്ള വിലയിരുത്തൽ ഇരുവിഭാഗവും പങ്കിട്ടു. തീവ്രവാദത്തെ ചെറുക്കുന്നതിനുള്ള ഒരു ഉപാധിയായി വ്യക്തിഗത തീവ്രവാദികളെയും പ്രസ്ഥാനങ്ങളെയും നിയന്ത്രിക്കുന്നതും ബഹുമുഖ വേദികളിൽ ഒരുമിച്ച് പ്രവർത്തിക്കാനുള്ള മാർഗ്ഗങ്ങളെയും കുറിച്ചുള്ള കാഴ്ചപ്പാടുകൾ ഇരുവിഭാഗവും കൈമാറി.

ഭീകരതയുണ്ടാക്കുന്ന വിവിധ വെല്ലുവിളികൾ, അക്രമാസക്തമായ തീവ്രവാദത്തെയും അതിന്റെ വ്യാപനത്തെയും പ്രതിരോധിക്കൽ, തീവ്രവാദത്തിന് ധനസഹായം നൽകുന്നതിനെതിരെ പോരാടൽ, തീവ്രവാദത്തിനായി നവീന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നത് തടയൽ, നിയമപാലന, നീതിന്യായ സഹകരണം, വിവരങ്ങൾ പങ്കിടൽ, വ്യോമയാന, സമുദ്ര സുരക്ഷ എന്നിവ സംബന്ധിച്ചുള്ള വീക്ഷണങ്ങളും ഇരു രാജ്യങ്ങളും കൈമാറി.ഈ പങ്കിട്ടവെല്ലുവിളികളെ നേരിടാൻ ഉഭയകക്ഷി

സഹകരണം കൂടുതൽ ശക്തിപ്പെടുത്താനും യോഗത്തിൽ ധാരണയായി.

ഭീകരതയ്ക്ക് എതിരായ ഇന്ത്യ-യുകെ സംയുക്ത വർക്കിംഗ് ഗ്രൂപ്പിന്റെ പതിനേഴാമത് യോഗം സൗകര്യപ്രദമായ തീയതിയിൽ യുകെയിൽ നടക്കും.

**ന്യൂഡൽഹി**
**മേയ് 22, 2024**